നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 6, ചൊവ്വ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 6 ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 8.30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഐ. എ. എസ്. കേഡറിലേക്ക് തിരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

*285 [301] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും ഐ. എ. എസ്. കേഡറിലേക്ക് തിരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) പ്രസ്തുത സെലക്ഷൻ ബോർഡിൽ ഈ സംസ്ഥാനത്തു നിന്നും ആരൊക്കെയാണുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഡെപ്യൂട്ടി കളക്ടർ തസ്തികയിലോ അതിനു സമാനമായ മറ്റ് ഗസറ്റഡ് തസ്തികയിലോ എട്ടു വർഷത്തിൽ കുറവല്ലാത്ത സർവ്വീസും, സ്ഥിരീകരണവും, സ്തുത്യർഹമായ സർവ്വീസുമാണ് നിശ്ചിത യോഗ്യതകൾ.

(ബി) ചീഫ് സെക്രട്ടറി, ഏറ്റവും സീനിയറായ സ്പെഷ്യൽ സെക്രട്ടറി, ഒരു റവന്യൂ ബോർഡ് മെമ്പർ, റവന്യൂ സെക്രട്ടറി എന്നിവർ ഈ സംസ്ഥാനത്തുനിന്നും സെലക്ഷൻ ബോർഡിൽ അംഗങ്ങളായിട്ടുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: സർവ്വീസിൽ ഇരിക്കുന്നവരെ ഐ. എ. എസ്. കേഡറിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് എന്തെങ്കിലും രീതിയിലുള്ള സംവരണം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: യാതൊരു വിധത്തിലുള്ള സംവരണവും ഈ കാര്യത്തിലില്ല.

ശ്രീ. കെ. സി. വാമദേവൻ: സെലക്ഷൻ ബോർഡിൽ സംസ്ഥാന ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ ആരൊക്കെ ആയിരിക്കണമെന്ന് തീരുമാനിക്കുന്നത് ആരാണ്; കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ചാണോ തീരുമാനിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: സംസ്ഥാന ഗവൺമെൻറ് ആണ് അത് തീരുമാനിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: ഈ വർഷം എത്ര പേർക്കാണ് ഐ. എ. എസ്. കേഡർ കൊടുത്തിട്ടുള്ളത്; അതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആരെങ്കിലും ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിൻെറ തീരുമാനമായികഴിഞ്ഞിട്ടില്ല. ഈ കമ്മിറ്റി ചില ശുപാർശകൾ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അത് കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. അവിടെ നിന്നുള്ള നിർദ്ദേശം കിട്ടിക്കഴിഞ്ഞാൽ മാത്രമേ അവസാനതീരുമാനമെടുക്കാൻ പറ്റുകയുള്ളു.

ഡോ. കെ. ജി. അടിയോടി: ആൾ ഇൻഡ്യാ സർവ്വീസിലേക്ക് എൻജിനീയേഴ്സിനും ഡോക്ടറേഴ്സിനും അതുപോലെ തന്നെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും പ്രയോജനം നൽകാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള നടപടികളൊന്നും ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഐ. എ. എസ്. കേഡറിലേക്ക് സെലക്ഷൻ ചെയ്യുന്നതിന് പ്രായപരിധി എന്തെങ്കിലുമുണ്ടോ; സീനിയോറിറ്റി ഈ കാര്യത്തിൽ പരിഗണിക്കാറ് പതിവുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: 52 വയസ്സു കഴിഞ്ഞാൽ സാധാരണ പരിഗണിക്കാറില്ല. എന്നാൽ അത് ഒരിക്കലും പരിഗണിക്കാൻ പാടില്ലെന്നല്ല; റിക്കാർഡ്സ് നോക്കിയിട്ട് വളരെ ബില്ല്യൻറ് ആണ്, എക്സലൻറാണ് എന്നുള്ള തീരുമാനത്തിൽ എത്തിയാൽ 52 വയസ്സു കഴിഞ്ഞാലും ശുപാർശ ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻമാസ്റ്റർ: ഐ. എ. എസ്. കൊടുത്തവരുടെ കൂട്ടത്തിൽ ഹരിജനങ്ങളും ആരെങ്കിലും ഉണ്ടോ; ഗിരിജനങ്ങളിൽ ആർക്കെങ്കിലും ഐ. എ. എസ്. കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴത്തെ സെലക്ഷനാണെങ്കിൽ അത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളു. ഇപ്പോൾ മറുപടി പറയാൻ പറ്റുകയില്ല.

ശ്രീ. സി. എ. കുര്യൻ: ഐ. എ. എസ്. കേഡറിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഒരു കമ്മിറ്റിയാണ് പരിശോധിക്കുന്നതെന്ന് പറഞ്ഞു. ആ കമ്മിറ്റിയിൽ സെൻട്രൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർമാർ ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമാണ് ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ.

ശ്രീ. എം. വി. രാഘവൻ: ഐ. എ. എസ്. സെലക്ഷൻ ബോർഡിന്റെ ശുപാർശ ഗവൺമെന്റ് അപ്പടി അംഗീകരിക്കുമോ; അതിൽ മാറ്റംവരുത്താറുണ്ടോ; മാറ്റം വരുത്തിയിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പറയാൻ ഇപ്പോൾ എന്റെ കയ്യിൽ വിവരമില്ല. സാധാരണ മാറ്റം വരുത്താറില്ലെന്നാണ് എന്റെ അറിവ്.

പോലീസ് സബ്ഡിവിഷനുകൾ

*286 [302] ഡോ. കെ. ജി. അടിയോടി:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സബ്ഡിവിഷനുകൾ പുതിയതായി തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇതുമൂലം നിലവിലുള്ള ഏതെങ്കിലും സബ് ഡിവിഷനുകൾക്ക് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി: (ശ്രീ. കെ. എം. മാണി): (എ,ബി,സി) പുതിയ സബ്ഡിവിഷനുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള ചില സബ്ഡിവിഷനുകളുടെ അധികാരപരിധി മാറ്റുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഡോ. കെ. ജി. അടിയോടി: സബ്ഡിവിഷനുകൾ തുടങ്ങിയാൽ അത് പ്രവർത്തിക്കാനുള്ള സൗകര്യങ്ങളും അതോടൊപ്പംതന്നെ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly